സഹകരണസംഘം രജിസ്ട്രാർ ആഫീസ്,
കേരള, തിരുവനന്തപുരം,
തീയതി : 18..11..2011.

നം: സി.ജി(2)50175/2009

# സർക്കുലർ നം: 88/2011

വിഷയം:- സഹകരണ വകുപ്പ് - കേരള സംസ്ഥാന മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മിഷൻ - മത്സ്യത്തൊഴിലാളികൾ എടുത്ത വായ്പകൾക്ക് കടാശ്വാസം - തുടർ നിർദ്ദേശങ്ങൾ പുറപ്പെടുവിയ്ക്കുന്നത് - സംബന്ധിച്ച്

സൂചന:-
1. ജി.ഒ(പി)നം.91/2010/മതുവ തീയതി, 6-12-2010.
2. സഹകരണസംഘം രജിസ്ട്രാറുടെ 3-1-2011 തീയതിയിലെ 1/2011 സർക്കുലർ.
3. സഹകരണസംഘം രജിസ്ട്രാറുടെ 1-2-2011 തീയതിയിലെ 12/2011 സർക്കുലർ.
4. സഹകരണസംഘം രജിസ്ട്രാറുടെ 13-1-2011 തീയതിയിലെ 5/2011 സർക്കുലർ.

* * * * *

സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ നിന്നും എടുത്തിരുന്ന വായ്പകളുമായി ബന്ധപ്പെട്ട് കടബാദ്ധ്യത മൂലം ദുരിതത്തിലായ മത്സ്യത്തൊഴിലാളികൾക്ക് ആശ്വാസം നൽകുന്നതിനുവേണ്ടി ന്യായനിർണ്ണയം നടത്തി അവാർഡുകൾ പാസ്സാക്കുന്നതിന് അധികാരമുള്ളതും, മദ്ധ്യസ്ഥതയിലൂടെയും അനുരഞ്ജനത്തിലൂടെയും അത്തരം മത്സ്യ ത്തൊഴിലാളികൾക്ക് സങ്കടങ്ങൾ പരിഹരിയ്ക്കുന്നതിന് ഉചിതമായ നടപടികൾക്ക് ശുപാർശ നൽകുന്നതിനുമായി രൂപീകൃതമായ കേരളാ മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മിഷൻ ശുപാർശ ചെയ്ത വായ്പകൾക്ക് സൂചന(1) പ്രകാരം കടാശ്വാസം നൽകുന്നതിന് ഉത്തരവ് പുറപ്പെടുവിയ്ക്കുകയുണ്ടായി.

ടി കടാശ്വാസ പദ്ധതി സഹകരണസംഘങ്ങളിൽ/ബാങ്കുകളിൽ നടപ്പാക്കുന്നത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ സൂചന 2, 3 പ്രകാരം സഹകരണസംഘം രജിസ്ട്രാർ നൽകിയിരുന്നു. എന്നാൽ ടി സർക്കുലർ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിൽ സംഘങ്ങളുടെ ഭാഗത്ത്നിന്നും ചില വീഴ്ചകൾ വന്നിട്ടുള്ളതായി കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മിഷൻ അറിയിച്ചിരിയ്ക്കുന്നതിനാൽ സൂചന സർക്കുലറുകളിലെ വ്യവസ്ഥകൾ കർശനമായി പാലിയ്ക്കണമെന്ന് നിർദ്ദേശം നൽകുന്നതോടൊപ്പം ചുവടെ പരാമർശിക്കുന്ന കാര്യത്തിൽ പ്രത്യേക ശ്രദ്ധ പുലർത്തണമെന്നും നിർദ്ദേശിക്കുന്നു.

**1.** മത്സ്യത്തൊഴിലാളികളുടെ വായ്പകളിൻമേലുള്ള ജപ്തി നടപടികൾ 31-3-2012 വരെ നിർത്തിവയ്ക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടെങ്കിലും പല സംഘങ്ങളും

റിക്കവറി നടപടികളുമായി മുന്നോട്ട് പോകുന്നതായും, സെയിലാഫീസർമാർ മുഖേന നടപടികൾ സ്വീകരിയ്ക്കുന്നതായും കമ്മിഷൻ അറിയിച്ചിട്ടുള്ളതിനാൽ ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ള ജപ്തിയുൾപ്പെടെയുള്ള എല്ലാ നിയമ നടപടികളും നിർത്തിവയ്ക്കേണ്ടതാണെന്ന് അറിയിക്കുന്നു. ജപ്തി നടപടികൾ നിർത്തിവച്ചി ട്ടുള്ളതിനാൽ, തുക ഈടാക്കുന്നതിനായി നടപടികൾ സ്വീകരിയ്ക്കരുതെന്ന് സഹകരണ സംഘങ്ങളോടും/ബാങ്കുകളോടും, സഹകരണ വകുപ്പ് ഉദ്യോഗസ്ഥ രോടും നിർദ്ദേശിക്കുന്നു.

2. കമ്മിഷൻ ശുപാർശ ചെയ്തതും, സഹകരണസംഘം രജിസ്ട്രാർ പരിശോധനക്കായി അയക്കുന്നതുമായ പട്ടികകളിൽ തിരുത്തലുകൾ വരുത്തുന്ന തായും, കൂട്ടിച്ചേർക്കുന്നതായും പരാതികൾ ലഭിച്ചിട്ടുണ്ടെന്നും, കമ്മിഷൻ ശുപാർശ ചെയ്തിട്ടുള്ള ലിസ്റ്റിൽ നിന്നും അർഹരായവരുടെ പേരുകൾ ചില ജില്ലകളിൽ വിട്ടുപോകുന്നതായും, ആയത് പരിശോധിയ്ക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

3. കടാശ്വാസ കമ്മിഷൻ ആനുകൂല്യത്തിനായി ശുപാർശ ചെയ്യുകയും, പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളതുമായ വായ്പക്കാരെ ചില സഹകരണ സംഘങ്ങൾ/ബാങ്കുകൾ നിർബന്ധിച്ച് കടം അടപ്പിയ്ക്കുകയും, സർക്കാർ ഉത്തരവിന് വിരുദ്ധമായി വായ്പ തുക മുഴുവനായും അടയ്ക്കുന്നതിന് നിർബന്ധിയ്ക്കുകയും ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് നിർബന്ധമായും ഒഴിവാക്കേണ്ടതാണ്. അതോടൊപ്പം സർക്കാർ അനുവദിച്ച തുക ചില സംഘങ്ങൾ വായ്പാ കണക്കിൽ വരവ് വയ്ക്കാതെ സസ്പെൻസ് അക്കൗണ്ടിൽ സൂക്ഷിക്കുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. അപ്രകാരം ഏതെങ്കിലും സംഘം നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയത്ഗുരുതരമായി വീക്ഷിയ്ക്കുമെന്ന് അറിയിക്കുന്നു. സസ്പെൻസ് അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുള്ള തുക ഉടൻതന്നെ പിൻവലിച്ച് ബന്ധപ്പെട്ട അക്കൗണ്ടുകളിൽ തുക ലഭിച്ച തീയതിയിൽ വരവ് വയ്ക്കണമെന്നും നിർദ്ദേശിക്കുന്നു.

4. കടാശ്വാസ തുക അനുവദിക്കുന്ന വേളയിൽ അർഹതപ്പെട്ടവരുടെ പട്ടിക പ്രസിദ്ധീകരിയ്ക്കണമെന്ന് നിർദ്ദേശിച്ചിരുന്നിട്ടും, പല സംഘങ്ങളും ഇക്കാര്യം പാലിക്കുന്നില്ലെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കടാശ്വാസ കമ്മിഷൻ/സർക്കാർ നൽകിയ ആനുകൂല്യത്തെക്കുറിച്ച്, ആനുകൂല്യം ലഭിച്ചവരും, അംഗങ്ങളും അറിയേണ്ടതുള്ളതിനാൽ ആയത് നിർബന്ധമായും പരസ്യപ്പെടുത്തേണ്ടതാണ്.

**5.** കേരള മത്സ്യത്തൊഴിലാളി കടാശ്വാസം സംബന്ധിച്ച് തീരുമാനം എടുക്കുന്നതിന് വായ്പകളെ സംബന്ധിച്ച് കമ്മിഷന് ലഭ്യമാക്കേണ്ട വിവരങ്ങൾ നിശ്ചിത പ്രൊഫോർമയിൽ നൽകുവാൻ കമ്മിഷൻ ആവശ്യപ്പെട്ടിരുന്നെങ്കിലും ചില സംഘങ്ങൾ/ചീഫ് എക്സിക്യൂട്ടീവ് യഥായോഗ്യം നൽകാതിരിക്കുകയോ നൽകുന്ന വിവരങ്ങൾ അപൂർണ്ണമാണെന്നും കമ്മിഷൻ അറിയിച്ചിട്ടുണ്ട്. ഇത്തരം പ്രവണതകൾ അവസാനിപ്പിയ്ക്കണമെന്നും, അർഹരായ മത്സ്യത്തൊഴിലാളികളുടെ ആനുകൂല്യം നിഷേധിക്കുന്നതിന് മാത്രമേ ഇത്തരത്തിലുള്ള പ്രവർത്തനംകൊണ്ട് കഴിയുകയുള്ളൂവെന്നും, ആയത് അനാവശ്യമായ തർക്കങ്ങൾക്കും, നടപടികൾക്കും ഇടയാക്കുമെന്നും ഓർമ്മിപ്പിയ്ക്കുന്നു.

**6.** അതോടൊപ്പംതന്നെ കേരള സംസ്ഥാന മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മിഷൻ നടത്തുന്ന എല്ലാ വിചാരണകളിലും പങ്കെടുക്കുന്നതിന് സഹകരണ ബാങ്കുകൾക്ക്/സംഘങ്ങൾക്ക് അവസരം നൽകാറുണ്ടെന്നും, എന്നാൽ പലപ്പോഴും വിചാരണകളിൽ ഹാജരാകുന്നതിന് സഹകരണ ബാങ്കുകൾ/സംഘങ്ങൾ താൽപ്പര്യം കാണിക്കുന്നില്ല എന്നും കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മിഷൻ അറിയിച്ചിട്ടുണ്ട്. കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മിഷൻ നടത്തുന്ന എല്ലാ വിചാരണകളിലൂം(സിറ്റിംഗുകളിലും)) കമ്മിഷൻ നിർദ്ദേശത്തിനനുസൃതമായി ബന്ധപ്പെട്ട സഹകരണ ബാങ്ക്/സംഘം ചീഫ് എക്സിക്യൂട്ടീവ്മാർ പങ്കെടുക്കേണ്ടതാണ്.

മേൽ നിർദ്ദേശങ്ങൾ കർശനമായും ബന്ധപ്പെട്ട സംഘങ്ങൾ പാലിക്കേണ്ടതും, നിർദ്ദേശങ്ങൾ സഹകരണ ബാങ്കുകൾ/സംഘങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ട ചുമതല ബന്ധപ്പെട്ട ജില്ലാ ജനറൽ വിഭാഗം ജോയിൻറ് രജിസ്ട്രാർമാർക്ക് ഉണ്ടെന്നും ഇക്കാര്യത്തിൽ അലംഭാവം ഉണ്ടാകാൻ പാടില്ലെന്നും, മേലിൽ ഇത്തരം പരാതികൾ ഉണ്ടാകുന്നില്ലെന്ന് ഉറപ്പാക്കുന്നതിന്, ബന്ധപ്പെട്ട അസിസ്റ്റൻറ് രജിസ്ട്രാർമാർക്കും, ഇൻസ്പെക്ടർമാർക്കും/ആഡിററർമാർക്കും പരിശോധനാ വേളകളിൽ ഇക്കാര്യം ഉറപ്പാക്കാൻ കർശന നിർദ്ദേശം നൽകണമെന്നും നിർദ്ദേശിക്കുന്നു.

ഒപ്പ്/-
ഡോ.എസ്.രവീന്ദ്രൻ ഐ.എ.എസ്
സഹകരണസംഘം രജിസ്ട്രാർ.

പകർപ്പ്:-

1. മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന സഹകരണ ബാങ്ക്
2. മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന സഹ. കാർഷിക ഗ്രാമ വികസന ബാങ്ക്

3. ജനറൽ മാനേജർ, എല്ലാ ജില്ലാ സഹകരണ ബാങ്കുകളും
4. എല്ലാ ജില്ലാ ജോയിൻറ് രജിസ്ട്രാർ(ജനറൽ)മാർക്കും
5. എല്ലാ ജില്ലാ ജോയിൻറ് ഡയറക്ടർ (ആഡിറ്റ്)മാർക്കും
6. ജോയിൻറ് രജിസ്ട്രാർ/കൺകറൻറ് ആഡിറ്റർ, എല്ലാ ജില്ലാ സഹകരണ ബാങ്കുകൾ/സംസ്ഥാന സഹകരണ ബാങ്ക്.
7. എല്ലാ അസിസ്റ്റൻറ് രജിസ്ട്രാർ(ജനറൽ)മാർക്കും(ജോയിൻറ് രജിസ്ട്രാർ മുഖേന)
8. എല്ലാ അസിസ്റ്റൻറ് ഡയറക്ടർ (ആഡിറ്റ്)മാർക്കും(ജോയിൻറ് രജിസ്ട്രാർ മുഖേന)
9. എല്ലാ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/സർവ്വീസ് സഹകരണ ബാങ്കുകൾ/അർബൻ ബാങ്കുകൾ/മറ്റ് കാർഷികേതര വായ്പാ സഹ. സംഘങ്ങൾ/ ബാങ്കുകൾ(ജോയിൻറ് രജിസ്ട്രാർമാർ മുഖേന)
10. സെക്രട്ടറി, സംസ്ഥാന സഹകരണ യൂണിയൻ,
11. എഡിറ്റർ, സഹകരണ വീഥി/ സഹകരണ ജേർണൽ(പ്രസിദ്ധീകരണത്തിന്)
12. ഈ ആഫീസിലെ എല്ലാ ആഫീസർമാർക്കും.
13. സ്റ്റോക്ക് ഫയൽ / സ്പെയർ

// ആജ്ഞാനുരണം//

Syemalakumar

ഡെപ്യൂട്ടിരജിസ്ട്രാർ(ക്രെഡിറ്റ്)